LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാന സർക്കാർ ജീവനക്കാരുടെ വ്യക്തിഗത പ്രവർത്തനം വിലയിരുത്തുന്നതിനായി വാർഷിക കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമ്പ്രദായം നിലവിലുണ്ട്. ഈ സംവിധാനത്തിൽ റിപ്പോർട്ടിംഗ് ഓഫീസർമാർ തങ്ങളുടെ കീഴിൽ ജോലി ചെയ്യുന്ന, ഉയർന്ന തസ്തികയിലേയ്ക്ക് നിയമനത്തിന് തെരഞ്ഞെടുക്കലിലൂടെ അർഹരാകുന്ന ജീവനക്കാരുടെ വ്യക്തിഗത പ്രവർത്തനങ്ങൾ വിലയിരുത്തി വിശദാംശങ്ങൾ നിർദ്ദിഷ്ട ഫോറത്തിൽ രേഖപ്പെടുത്തി മേലധികാരിക്ക്/ റിവ്യൂവിംഗ് ഓഫീസർക്ക് സമർപ്പിക്കുകയും മേലധികാരി/ റിവ്യൂവിംഗ് ഓഫീസർ പ്രസ്തുത റിപ്പോർട്ട് റിവ്യൂ ചെയ്യുകയും ചെയ്യുന്നു. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ജീവനക്കാർക്ക് വ്യക്തിഗത പ്രവർത്തനം വിലയിരുത്തി പ്രൊമോഷൻ നൽകുന്നത്.

(ബി&സി) കോൺഫിഡൻഷ്യൽ റിപ്പോർട്ട് ഫോറം പരിഷ്കരിക്കുന്നകാര്യം സർക്കാർ പരിശോധിക്കുകയും തൽക്കാലം നിലവിലുള്ള രീതി തുടരുവാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

**മുഖ്യമന്ത്രിയും മന്ത്രിമാരും നൽകുന്ന വാഗ്ദാനങ്ങൾ**

25 (3656) ശ്രീ. എം. ചന്ദ്രൻ :
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ശ്രീമതി കെ. കെ. ലതിക :
ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയും മന്ത്രിമാരും പത്രസമ്മേളനങ്ങളിലൂടെയും മറ്റു നിലയിലും പുതുതായി നടത്തുന്ന പ്രഖ്യാപനങ്ങളും വാഗ്ദാനങ്ങളും നിറവേറ്റപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കാൻ നിലവിൽ സംവിധാനങ്ങൾ ഉണ്ടോ ; എങ്കിൽ പ്രസ്തുത സംവിധാനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ബി) പ്രഖ്യാപനങ്ങൾ നടപ്പാക്കാൻ അതത് ഘട്ടങ്ങളിൽ തന്നെ മന്ത്രിമാർ ഉത്തരവ് നല്കാറുണ്ടോ ; എങ്കിൽ അപ്രകാരമുള്ള ഉത്തരവുകൾ നിയമാനുസൃതമാണോ എന്ന് പരിശോധിക്കപ്പെടാറുണ്ടോ ;

(സി) മുഖ്യമന്ത്രി അശരണരായ ആളുകളുടെ സുരക്ഷിതത്വം ഏറ്റെടുത്തുകൊണ്ട് നടത്തിയതും പത്ര-ദൃശ്യമാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുള്ളതുമായ എത്ര പ്രഖ്യാപനങ്ങൾ ഇപ്പോഴും നടപ്പിലാക്കാൻ അവശേഷിക്കുന്നുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ;

(ഡി) വാഗ്ദാനങ്ങൾ ലഭിച്ചവരിൽ പലരും അത് പാലിച്ചു കിട്ടുന്നതിനായി ഇപ്പോഴും സർക്കാർ ഓഫീസുകൾ കയറിയിറങ്ങുകയാണെന്ന് അറിയാമോ ?

ഉത്തരം

(എ&ബി) മുഖ്യമന്ത്രിയും മന്ത്രിമാരും നടത്തുന്ന വാഗ്ദാനങ്ങളും പ്രഖ്യാപനങ്ങളും വ്യവസ്ഥാപിതമായ മാർഗ്ഗങ്ങളിലൂടെ നടപ്പാക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്. ഇത് സംബന്ധിച്ച ഉത്തരവുകളെല്ലാം ചട്ടപ്രകാരമാണ് പുറപ്പെടുവിക്കാറുള്ളത്.

(സി&ഡി) സർക്കാർ നടപടിക്രമങ്ങൾ പൂർണ്ണമായും പാലിച്ച് ചട്ടപ്രകാരം മാത്രമേ വാഗ്ദാനങ്ങളും പ്രഖ്യാപനങ്ങളും നടപ്പിൽ വരുത്താൻ സാധിക്കുകയുള്ളൂ എന്നതുകൊണ്ടാണ് പലപ്പോഴും ഇക്കാര്യത്തിൽ കാലവിളംബം ഉണ്ടാകുന്നത്. എന്നിരുന്നാലും കാലഹരണപ്പെട്ടതും സങ്കീർണ്ണവുമായ ചട്ടങ്ങൾ/ഉത്തരവുകൾ എന്നിവയിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തി കാലവിളംബം കഴിയാവുന്നത്ര കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**തിരുവൻവണ്ടൂർ ഗ്രാമപഞ്ചായത്തിലെ ആറിന്റെ നീരൊഴുക്ക് വീണ്ടെടുക്കാൻ നടപടി**

26 (3657) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിൽ ചെങ്ങന്നൂർ മുനിസിപ്പാലിറ്റി, തിരുവൻവണ്ടൂർ ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിലൂടെ ഒഴുകിയിരുന്ന ആറിന്റെ നീരൊഴുക്ക് വീണ്ടെടുക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി ഒരു സംയുക്തയോഗം വിളിച്ച് ചേർക്കുന്നതിന് തീരുമാനമെടുക്കുമോ ; വിശദാംശം അറിയിക്കുമോ ;

(ബി) ഈ വിഷയത്തിന്മേൽ നാളിതുവരെ സ്വീകരിച്ചിട്ടുള്ള പ്രവർത്തനങ്ങളുടെ വിശദാംശം അറിയിക്കുമോ ;

(സി) പരിസ്ഥിതി സന്തുലനവുമായി ബന്ധപ്പെടുന്ന ഈ വിഷയത്തിന്റെ പ്രാധാന്യം ബോദ്ധ്യപ്പെട്ട് സമയബന്ധിതമായി പ്രസ്തുത പ്രവർത്തനം പൂർത്തീകരിക്കുന്നതിനുള്ള ശ്രമമുണ്ടാകുമോ ; വിശദാംശം ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly